# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1969 - 22/03/2012-ലെ മറുപടിക്ക്**

സംസ്ഥാന സ്വയം സംരംഭക മിഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാന സ്വയം സംരംഭക മിഷനിലേക്ക് എത്ര സംരംഭകരെ തെരഞ്ഞെടുത്തു ; വ്യക്തമാക്കാമോ; | 3977 സംരംഭങ്ങൾ ഈ പദ്ധതിയിൽ ആദ്യബാച്ചിലേക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും 812 പേരെ പരിശീലനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. അവർ ഇപ്പോൾ പരിശീലനത്തിലാണ്. |
| (ബി) | സംസ്ഥാനസ്വയംസംരംഭക മിഷനിലേക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ; | 21-നും 40-നും ഇടയ്ക്ക് പ്രായമുള്ള, തൊഴിൽ രഹിതരായ, മികച്ച ആശയങ്ങളുള്ള, വ്യവസായം നടത്തി മുൻപരിചയമില്ലാത്ത യുവതീയുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, വിധവകൾക്ക് 45 വയസ്സുവരെ അപേക്ഷിക്കാം. +2, വൊക്കേഷണൽ കോഴ്സുകളാണ് യോഗ്യത.<br>2 മുതൽ 5 വരെ പേർ അടങ്ങിയ ഗ്രൂപ്പുകളായി ആണ് അപേക്ഷിക്കേണ്ടത്. ടെക്നോക്രാറ്റുകൾക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലാണ് അപേക്ഷകൾ സമർപ്പിയ്ക്കേണ്ടത്. ധനകാര്യ വകുപ്പിന്റെ പ്രതിനിധി, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ |

| | | |
|---|---|---|
| | | മാനേജർ, ലീഡ് ബാങ്ക് മാനേജർ, വ്യവസായ പ്രതിനിധി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടർ, കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ ചീഫ് മാനേജർ മുതലായവർ അടങ്ങിയ കമ്മറ്റി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വച്ച് അഭിമുഖം നടത്തുകയും, ഇതിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് നാലാഴ്ച നീണ്ടു നിൽക്കുന്ന പരിശീലനം നൽകുകയും ചെയ്യുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കായിരിക്കും ലോണിന് അർഹത. |
| (സി) | ഇപ്പോൾ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സംരംഭകരുടെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ? | കണക്ക് അനുബന്ധമായി നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

**22/03/2012-ൽ മറുപടി നൽകേണ്ടിയിരുന്ന നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 1969-ന്റെ (സി) പിരിവിനുള്ള അന്തിമ മറുപടി**

സംസ്ഥാന സ്വയം സംരംഭക മിഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (സി) | ഇപ്പോൾ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സംരംഭകരുടെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ? | കണക്ക് അനുബന്ധമായി നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**